വളർത്തുമൃഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്

91 (5769) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വരുമ്പോൾ കേരളത്തിലെ വളർത്തു മൃഗങ്ങളായ ആടുമാടുകളുടെ എണ്ണം എത്രയെന്ന് ഇനം തിരിച്ച് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വളർത്തു പക്ഷികളുടെ എണ്ണം എത്രയെന്ന് ഇനം തിരിച്ച് അറിയിക്കുമോ ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരളത്തിലെ വളർത്തുപക്ഷികളുടെയും വളർത്തുമൃഗങ്ങളായ ആടുമാടുകളുടെയും എണ്ണത്തിൽ വന്നിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതുവഴി കേരളത്തിൽ മുട്ട, മാംസം, പാൽ എന്നിവയുടെ ലഭ്യതയിലുണ്ടായ മാറ്റം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വരുമ്പോൾ 2003-ലെ കന്നുകാലി സെൻസസ് പ്രകാരം കേരളത്തിലെ ആടുമാടുകളുടെ എണ്ണം 3400244 ആയിരുന്നു. ഇനം തിരിച്ച് താഴെപ്പറയും പ്രകാരമാണ് :

പശു	-	21,22,453
എരുമ	-	64,618
ആട്	-	12,13,173

(ബി) ഈ സർക്കാർ നിലവിൽ വരുമ്പോൾ 2003-ലെ കന്നുകാലി സെൻസസ് പ്രകാരം കേരളത്തിലെ വളർത്തുപക്ഷികളുടെ എണ്ണം 11652441 ആയിരുന്നു. ഇനംതിരിച്ച് താഴെപറയും പ്രകാരമാണ് :

കോഴി		-1,09,91,832
താറാവ്	-	6,60,609

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2007-ൽ കന്നുകാലി സെൻസസ് നടത്തിയിരുന്നുവെങ്കിലും ആയതിന്റെ മുഴുവൻ കണക്കുകൾ ക്രോഡീകരിച്ച് പൂർത്തിയായില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുട്ട, മാംസം, പാൽ എന്നിവയുടെ ലഭ്യതയിലുണ്ടായ മാറ്റം താഴെക്കൊടുക്കുന്നു. (2006 അടിസ്ഥാനമാക്കിയുള്ള വർദ്ധനവ് ശതമാനത്തിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു)

വർഷം	പാൽ (000 ടൺ)	മുട്ട (ലക്ഷം)	ഇറച്ചി (മെട്രിക് ടൺ)
2007	2119(2.71)	11987(0.26)	196526(0.59)
2008	2248(8.97)	13792(15.36)	197969(1.33)
2009	2451 (18.81)	15066(26.01)	206226(05.56)
2010	2535(22.88)	16430(37.42)	210000(7.49)

ഈ കണക്കുകൾ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ പ്രകാരമുള്ളതാണ്. ഇതിൽ 2010-ലെ കണക്കുകൾ പ്രൊവിഷണൽ ആണ്.

മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇൻഡ്യയുടെ നവീകരണത്തിനായി നടപടി

92 (5770) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വിദേശ കമ്പനിയുമായി ചേർന്ന് അന്താരാഷ്ട്ര വിപണി ലക്ഷ്യമാക്കി ചാലക്കുടിയിൽ ഹൈടെക് മാംസോത്പാദനയൂണിറ്റ് ആരംഭിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 135 ലക്ഷം രൂപയുടെ ധനസഹായം ഉപയോഗിച്ച് മലിനജലസംസ്ക്കരണത്തിനുള്ള എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ഇ.ടി.പി) ഗാഢശീതികരിണി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പുതിയ പ്രോസസ്സിംഗ് പ്ലാന്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ എം.പി.ഐ.യിൽ ലഭ്യമാക്കി. കർഷകർക്ക് ഗുണനിലവാരമുള്ള പന്നിക്കുഞ്ഞുങ്ങളെ നൽകി അവ വളർന്നശേഷം ന്യായവില നൽകി തിരിച്ചെടുക്കുന്ന ബൈബാക്ക് സ്കീം വിജയകരമായി നടപ്പാക്കിവരുന്നു. കേരളത്തിൽ ആദ്യമായി ട്രേയ്സബിൾ മീറ്റ് എന്ന

LIBRARY ARCHIVES Kerala Legislative Assembly